**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ് - എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി - മാർഗ്ഗരേഖാ പരിഷ്കരണം - നിർവ്വഹണം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (നോഡൽ സെന്റർ -ബി) വകുപ്പ്**

സ.ഉ (പി) നം. 454/2014/ധന തീയതി, തിരുവനന്തപുരം 18.10.2014

പരാമർശം :- 27.05.2004 ലെ ജി.ഒ (പി) നം. 247/2004/ധന.

**ഉത്തരവ്**

എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയുടെ നിർവ്വഹണം സംബന്ധിച്ച മാർഗ്ഗരേഖകളടങ്ങുന്ന ഉത്തരവ് പരാമർശ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പട്ടിക ജാതി/പട്ടിക വർഗ്ഗ ക്ഷേമ സമിതി (2004-2006) യുടെ അഞ്ചാമത് റിപ്പോർട്ടിലെ ഖണ്ഡിക 12 ലെ ശുപാർശ പ്രകാരം, പട്ടിക ജാതി/പട്ടിക വർഗ്ഗ കോളനികളിലെ കുടിവെള്ള വിതരണത്തിന് ആവശ്യമായ ഫണ്ട് ലഭിക്കാത്തത് മൂലം പലയിടങ്ങളിലും പണി പൂർത്തിയാക്കാൻ കഴിയുന്നില്ലായെന്നും ആയതിനാൽ ഫണ്ടിന്റെ അപര്യാപ്തത മൂലം മുടങ്ങിക്കിടക്കുന്ന പദ്ധതികൾ പൂർത്തിയാക്കുന്നതിന് എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയിൽ നിന്നും തുക വിനിയോഗിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്തിട്ടുണ്ട്.

(2). എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി സംബന്ധിച്ച മാർഗ്ഗരേഖയുടെ അനുബന്ധം 1 (19) പ്രകാരം പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങൾ അധിവസിക്കുന്ന സ്ഥലങ്ങളിൽ വൈദ്യുതി, ജലം, വഴി, പബ്ലിക് ടോയ്‌ലറ്റുകൾ എന്നിവയ്ക്ക് വേണ്ടി ഫണ്ട് വിനിയോഗിക്കുവാൻ അനുമതിയുണ്ട്. എന്നാൽ പല പദ്ധതികളിൻ കീഴിൽ തുടങ്ങിയിട്ട് പൂർത്തിയാക്കാൻ കഴിയാതെ അവശേഷിക്കുന്ന പ്രവർത്തികൾക്ക് വേണ്ടി ടി ഫണ്ട് വിനിയോഗിക്കുവാൻ അനുമതിയില്ല.

(3). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കും പ്രകാരം ഉത്തരവാകുന്നു.

(i) പട്ടിക ജാതി/പട്ടിക വർഗ്ഗ കോളനികളിലേതുൾപ്പെടെ വിവിധ പദ്ധതികൾ പ്രകാരം തുടങ്ങിയതും ഫണ്ടിന്റെ അപര്യാപ്തത മൂലം പൂർത്തിയാക്കുവാൻ കഴിയാതെ മുടങ്ങിക്കിടക്കുന്നതുമായ കുടിവെള്ള പദ്ധതികൾ, ഇലക്ട്രിഫിക്കേഷൻ പദ്ധതികൾ എന്നിവ എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയിൽ നിന്നും തുക വിനിയോഗിച്ച് പൂർത്തിയാക്കാവുന്നതാണ്.

(ii) തങ്ങളുടെ മണ്ഡലത്തിൽ എം.എൽ.എ മാർ നിശ്ചയിക്കുന്ന കുടിവെള്ള/ ഇലക്ട്രിഫിക്കേഷൻ പദ്ധതികൾ ഏതായാലും ആയതിന് വ്യവസ്ഥകളില്ലാതെ എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയിൽ നിന്നും തുക വിനിയോഗിക്കാവുന്നതാണ്.

(4). എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയുടെ വിനിയോഗം സംബന്ധിച്ച മാർഗ്ഗരേഖയുടെ ബന്ധപ്പെട്ട ഖണ്ഡികകൾ ഇതു പ്രകാരം പരിഷ്കരിച്ചിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
രബീന്ദ്രകുമാർ അഗർവാൾ
ധനകാര്യ റിസോഴ്സസ് സെക്രട്ടറി

പകർപ്പ്

1. എല്ലാ നിയമസഭാ സാമാജികർക്കും
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം.
5. പൊതുഭരണ (എസ്.സി) വകുപ്പ് (01.10.2014 ലെ മന്ത്രിസഭായോഗ തീരുമാനം ഇനം 5810, 15.10.2014 ലെ മന്ത്രിസഭായോഗ തീരുമാനം ഇനം 5881 പ്രകാരം)
6. എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും ഗവൺമെന്റ് സെക്രട്ടറിമാർക്കും
7. എല്ലാ വകുപ്പ മേധാവികൾക്കും
8. എല്ലാ ജില്ലാ കളക്ടർമാർക്കും
9. ട്രഷറി വകുപ്പ ഡയറക്ടർ
10. പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ
11. എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും
12. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
13. ബഹു. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി
14. ബഹു. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
15. ബഹു. മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
16. നോഡൽ ഓഫീസർ, www.finance.kerala.gov.in
17. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ